ടെണ്ടർ വിളിക്കാത്ത വർക്കുകൾ

80 (863)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 കാലയളവിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പി.ഡബ്ല്യു.ഡി. ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷനായി എത്ര വർക്കുകൾ ഡിപ്പാർട്ടുമെന്റ് ഏർപ്പാട് ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം വർക്കുകളുടെ എണ്ണവും തുകയും വർക്കിന്റെ പേരും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 കാലയളവിൽ പൊതുമരാമത്ത് റോഡുകളും പാലങ്ങളും വിഭാഗത്തിൽ, പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷനായി കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 9 വർക്കുകളും നാഷണൽ ഹൈവേ വിഭാഗത്തിൽ കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ 22 വർക്കുകളും ബിൽഡിംഗ് ആന്റ് ലോക്കൽ വർക്സ് വിഭാഗത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ 240 വർക്കുകളും ഡിപ്പാർട്ടുമെന്റ് ഏർപ്പാട് ചെയ്തിട്ടുണ്ട്.

(ബി) വിശദവിവരങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു.*

റോഡുകളുടെ വികസനം

81 (864)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ:

(ബി) റോഡുകൾ ടാർ ചെയ്യുമ്പോൾ വശങ്ങൾ സ്ലോപ്പ് ചെയ്യാത്തതിനാൽ അപകടങ്ങൾ ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൽ റോഡുകളുടെ വികസനത്തിനായി വാർഷിക പദ്ധയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് റോഡുകളുടെ വികസനത്തിനായി റോഡ് ബലപ്പെടുത്തുന്ന പണികൾ, വീതി കൂട്ടുന്ന പണികൾ എന്നിവ ഓരോ വർഷവും ഏറ്റെടുത്ത് നടത്തിവരുന്നു. സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി ഒരു റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ ഹൈവേകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും വികസനം ലക്ഷ്യമാക്കി 'റൈറ്റ്സ്' എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം പഠനം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2810 കി.മീ. ദൈർഘ്യം വരുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റോഡുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായത്തിനായി 1997-ൽ കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രാരംഭാംഗീകാരങ്ങൾക്കുശേഷം ലോകബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി 2810 കി.മീ. ദൈർഘ്യമുള്ള റോഡുകളുടെ ടെക്നോ എക്കണോമിക്കൽ സർവേകളും പരിസ്ഥിതി പഠനങ്ങളും നടത്തി ഏറ്റവും അത്യാവശ്യമായി വികസിപ്പിക്കേണ്ട 1000 കി.മീ. റോഡുകളുടെ നിലവാരം ഉയർത്തുവാനും 1000 കി.മീ. ദൂരം മെയിന്റനൻസും റിപ്പയറും ചെയ്യുവാനുമുള്ള അപ്രൈസൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് അത് സംബന്ധിച്ച പഠന സർവേകൾ ചെയ്യുന്നതിനുള്ള കൺസൾട്ടന്റിനെ ലോകബാങ്കിന്റെ നിർദ്ദേശമനുസരിച്ച് നിയമിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ലോകബാങ്ക് ആവശ്യപ്പെട്ട പ്രകാരം ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ലോക ബാങ്കിന് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള സാമൂഹിക, സാമ്പത്തിക, സാങ്കേതിക, പാരിസ്ഥിതിക സർവേകൾ നടന്നുകൊണ്ടിരിക്കുന്നു. ഈ പഠന സർവേകളും വിശദമായ എഞ്ചിനീയറിംഗ് ഡിസൈനുകളും 2000 -ാമാണ്ടോടെ തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി)&(സി) റോഡ് നിർമ്മിക്കുമ്പോൾ തന്നെ അംഗീകൃത അളവിൽ റോഡുകൾക്കുവേണ്ട കേമ്പറിംഗ് (മദ്ധ്യഭാഗത്തു നിന്ന് വശങ്ങളിലേക്കുള്ള ചരിവ്) നൽകാറുള്ളതുകൊണ്ട് റോഡ് ടാർ ചെയ്യുമ്പോൾ വശങ്ങൾ പ്രത്യേകം സ്ലോപ്പ് ചെയ്യേണ്ടതില്ല. ഇതുകൂടാതെ വളവുകളിൽ സൂപ്പർ എലിവേഷൻ (റോഡ് പ്രതലത്തിന് ഒരു വശത്തേക്കുള്ള പ്രത്യേക ചരിവ്) നൽകാറുണ്ട്. കേമ്പറിംഗ് ചെയ്യുന്നതുമൂലം റോഡിന്റെ മദ്ധ്യഭാഗത്ത് വീഴുന്ന ജലം വശങ്ങളിലേക്ക് ഒഴുകി ഓടകളിലേക്ക് പോകുന്നു. വളവുകളിൽ നല്ല വേഗതയിൽ വരുന്ന വാഹനങ്ങൾ വളവിന് വെളിയിലേക്ക് മറിയാതെ സൂക്ഷിക്കുന്നത് റോഡിന് നൽകുന്ന സൂപ്പർ എലിവേഷനാണ്. ഇത് നിശ്ചിത അളവിലും രൂപത്തിലും നൽകാത്ത വളവുകളിൽ വാഹനാപകടങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. കൂടാതെ റോഡ്ബേ ചെയ്യുമ്പോൾ ആവശ്യത്തിനുള്ള ചരിവ് നൽകാറുണ്ട്.

റോഡ് വികസന കോർപ്പറേഷൻ

82 (865) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസന കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചോ;

(ബി) 1999-2000 വർഷത്തിൽ കോർപ്പറേഷൻ എത്ര പ്രവൃത്തികൾ ഏറ്റെടുക്കുമെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും വികസനം ലക്ഷ്യമാക്കി 'റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്' എന്ന പേരിൽ ഒരു കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കിവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly